| 14–12–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – തന്റെ സൗഭാഗ്യം ഉണ്ടാക്കണമെങ്കിൽ ഈശ്വരീയസേവനത്തിൽ മുഴുകൂ, മാതാക്കൾക്കും കന്യകമാർക്കും ബാബയിൽ സമർപ്പണമാകാനുള്ള ലഹരി വേണം. ശിവശക്തികൾക്ക് ബാബയുടെ പേര് പ്രശസ്ത മാക്കാൻ സാധിക്കുന്നു.**

**ചോദ്യം** – എല്ലാ കന്യകമാർക്കും ബാബ ഏതൊരു ശുഭമായ നിർദ്ദേശമാണ് നൽകുന്നത്?
**ഉത്തരം** – അല്ലയോ കന്യകമാരേ – നിങ്ങൾ ഇപ്പോൾ അത്ഭുതം ചെയ്ത് കാണിക്കൂ. നിങ്ങൾക്കു മമ്മയ്ക്കു സമാനമായിത്തീരണം. ഇപ്പോൾ നിങ്ങൾ ലോകമര്യാദകളെ ഉപേക്ഷിക്കൂ. നഷ്ടോമോഹയാകൂ. അഥവാ അദർ കന്യക ആവുകയാണെങ്കിൽ കറ പുരളും. നിങ്ങൾക്കു നിറപ്പകിട്ടാർന്ന മായയിൽ നിന്ന് സുരക്ഷിത രായിരിക്കണം. നിങ്ങൾ ഈശ്വരീയ സേവനം ചെയ്യുകയാണെങ്കിൽ ആയിരക്കണക്കിനു ആളുകൾ നിങ്ങ ളുടെ ചരണങ്ങളിൽ വന്നു വീഴും.

**ഓംശാന്തി**. നിങ്ങൾ ശിവശക്തികൾ കുതിക്കുന്നവരാണ്. ബാബയ്ക്കുമേൽ സമർപ്പണമാകുന്നതിനുള്ള കുതിപ്പ് ആവശ്യമാണ്. ഇതിനെയാണ് ഈശ്വരീയ ലഹരി എന്നു പറയുന്നത്. ബാബയ്ക്ക് മുന്നിലിരിക്കുന്ന വർ ആരെല്ലാമാണെന്ന് നോക്കേണ്ടതായുണ്ട്. വാസ്തവത്തിൽ ടീച്ചറുടെ ദൃഷ്ടി ഓരോരുത്തരിലും പതി യുന്ന വിധത്തിലായിരിക്കണം ക്ലാസ്സിൽ ഇരിക്കേണ്ടത്. സത്സംഗത്തിലുള്ളതുപോലെ. പക്ഷേ എന്തുചെ യ്യാനാണ് ഡ്രാമയിലെ ഭാവി ഇങ്ങനെയാണ്. ക്ലാസ്സിൽ നമ്പർവൈസായി ഇരുത്താൻ സാധിക്കില്ല. കുട്ടി കൾ ബാബയുടെ മുഖം കാണാൻ ദാഹിച്ചിരിക്കുകയാണല്ലോ, അതുപോലെ ബാബയും ദാഹിച്ചിരിക്കുക യാണ്. കുട്ടികളെക്കൂടാതെ വീട്ടിൽ അന്ധകാരമാണെന്നു മനസ്സിലാക്കുന്നു. നിങ്ങൾ കുട്ടികൾ പ്രകാശ ത്തെക്കൊണ്ടുവരുന്നവരാണ്. ഭാരതത്തിൽ മാത്രമല്ല മുഴുവൻ ലോകത്തിലും പ്രകാശത്തെ കൊണ്ടുവരു ന്നവരാണ്.

**ഗീതം** – മാതാ ഓ മാതാ നീയാണ് എല്ലാവരുടെയും ഭാഗ്യവിധാതാവ്.........
**ഓംശാന്തി**. ഈ ഗീതവും നിങ്ങളുടെ ശാസ്ത്രമാണ്. സർവ്വശാസ്ത്രങ്ങൾക്കും മാതാവ് ശിരോമണി ഭഗ വത്ഗീതയാണ്. ബാക്കി എല്ലാ ശാസ്ത്രങ്ങളും മഹാഭാരതം, രാമായണം, ശിവപുരാണം, വേദം, ഉപനി ഷത്ത് ഇവയെല്ലാം തന്നെ ഇതിൽ നിന്നാണ് ഉണ്ടായത്. അത്ഭുതമല്ലേ. മനുഷ്യർ പറയുന്നു നാടകത്തിലെ ഒരു റിക്കോർഡാണ്(ഗീതം) പാടിച്ചതെന്ന്. ശാസ്ത്രങ്ങളൊന്നും തന്നെ ഇവരുടെ കൈവശമില്ല. ബാബ പറയുന്നു ഈ റെക്കോർഡിലുള്ള അർത്ഥമെന്താണോ വരുന്നത്, അതിൽ നിന്നെല്ലാം തന്നെ സർവ്വവേദ ഗ്രന്ഥങ്ങളുടെയും സാരം ലഭിക്കുന്നു. (ഗീതം പാടിച്ചു) ഇത് മമ്മയുടെ മഹിമയാണ്. മാതാക്കൾ ധാരാള മുണ്ട്. പക്ഷേ മുഖ്യമായും ജഗദംബയാണ്. ഈ ജഗദംബയാണ് സ്വർഗ്ഗത്തിലെ വാതിൽ തുറക്കുന്നത്. പിന്നീട് ആദ്യം തന്നെ സ്വയം വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു എങ്കിൽ അമ്മയോടൊപ്പം നിങ്ങൾ കുട്ടികളുമുണ്ടാവും. അവരുടെ തന്നെ മഹിമയാണ് അങ്ങ് മാതാപിതാവാണെന്ന്........ ശിവബാബയെത ന്നെയാണ് മാതാപിതാവെന്നു പറയുന്നത്. ഭാരതത്തിൽ ജഗദംബയുമുണ്ട് ജഗദ്പിതാവുമുണ്ട്. പക്ഷേ ബ്രഹ്മാവിന് ഇത്രയ്ക്കും പേരുകളും ക്ഷേത്രങ്ങളുമില്ല. കേവലം അജ്മീറിൽ ബ്രഹ്മാവിന്റെ ക്ഷേത്രം പ്രശ സ്തമാണ്. അവിടെ ബ്രാഹ്മണരും വസിക്കുന്നുണ്ട്. രണ്ടുപ്രകാരത്തിലുള്ള ബ്രാഹ്മണരുണ്ട് – സാരസി ദ്ധരും പുഷ്ക്കരണിയും. പുഷ്കറിൽ വസിക്കുന്നവരെ പുഷ്ക്കരണി എന്നു പറയും. പക്ഷേ ആ ബ്രാഹ്മ ണർക്കൊന്നും ഇതിനെക്കുറിച്ച് അറിയുന്നില്ല. ഞങ്ങൾ ബ്രഹ്മാമുഖവംശാവലികളാണെന്നു പറയുന്നുണ്ട്. ജഗദംബയുടെ പേര് വളരെ പ്രശസ്തമാണ്. ബ്രഹ്മാവിനെ ഇത്രയ്ക്ക് അറിയുന്നില്ല. ചിലർക്ക് ധാരാളം ധനം ലഭിക്കുന്നുണ്ടെങ്കിൽ പറയും സന്യാസിമാരുടെ കൃപയാണെന്ന്. ഈശ്വരന്റെ കൃപയാണെന്ന് മനസ്സി ലാക്കുന്നില്ല. ബാബ പറയുന്നു എനിക്കല്ലാതെ മറ്റാർക്കും കൃപ കാണിക്കാൻ സാധിക്കില്ല. ഞാൻ സന്യാ സിമാരുടെയും മഹിമ പാടുന്നുണ്ട്. സന്യാസിമാരുടെ പവിത്രതയില്ലെങ്കിൽ ഭാരതം എന്നോ കത്തി നശിച്ചി ട്ടുണ്ടാവും. പക്ഷേ സദ്ഗതിദാതാവ് ഒരേയൊരു ബാബയാണ്. ഒരു മനുഷ്യന് ഒരിക്കലും മറ്റുള്ള മനുഷ്യ രുടെ സദ്ഗതി ചെയ്യാൻ സാധിക്കില്ല.

ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു നിങ്ങൾ എല്ലാ സീതമാരും ശോകവാടികയിലാണ്. അതായത് ദുഖത്തിലാണ്. അസുഖമുണ്ടാകുമ്പോൾ ദുഖിക്കുമല്ലോ. അസുഖമുണ്ടായാൽ തീർച്ചയായും എപ്പോൾ ഭേദമാകുമെന്ന ചിന്തയുണ്ടാവും? അല്ലാതെ ഇങ്ങനെ ഒരിക്കലും ചിന്തിക്കില്ല അസുഖത്തിൽ തന്നെയിരി ക്കട്ടെ എന്ന്. പരിശ്രമിക്കുന്നത് ഭേദമാകാനാണ്. അല്ലെങ്കിൽ മരുന്നുകളൊക്കെ കഴിക്കുന്നതെന്തിനാണ്?

ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളെ ഈ ദുഖങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നുമെല്ലാം മുക്തമാക്കി സുഖപ്പെടുത്തുന്നു. മായാരാവണൻ നിങ്ങൾക്ക് ദുഖത്തെ നൽകി. എന്നെ സൃഷ്ടിയുടെ രചയിതാവെന്നു പറയുന്നു. എല്ലാവരും ചോദിക്കുന്നു ഭഗവാൻ ദുഖത്തെ നൽകുന്നതിനാണോ സൃഷ്ടിയെ രചിച്ചത്? സ്വർഗ്ഗത്തിൽ ഇങ്ങനെ ഒരിക്കലും പറയുകയില്ല. ഇവിടെ ദുഖമായതുകൊണ്ടാണ് മനുഷ്യർ പറയുന്നത്, ഭഗവാൻ എന്തിനാണ് ഈ ദുഖത്തിന്റെ സൃഷ്ടി രചിച്ചതെന്ന്, മറ്റൊരു ജോലിയുമുണ്ടായിരുന്നില്ലേ? പക്ഷേ ബാബ പറയുന്നു ഇത് സുഖ-ദുഖത്തിന്റെയും ജയ-പരാജയത്തിന്റെയും കളിയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഭാരതത്തിൽ തന്നെയാണ് രാമന്റെയും രാവണന്റെയും കളി. ഭാരതം രാവണനിൽ നിന്നും തോറ്റു പോയി പിന്നീട് രാവണനുമേൽ വിജയം പ്രാപ്തമാക്കി രാമന്റെതായിത്തീരുന്നു. രാമൻ എന്നു പറയുന്നത് ശിവബാബയെയാണ്. രാമന്റെയും പിന്നീട് ശിവന്റെയും പേരു പറയണം മനസ്സിലാക്കി കൊടുക്കുന്നതിനുവേണ്ടി. ശിവബാബ കുട്ടികളുടെ അധികാരി അഥവാ നാഥനാണ്. ബാബ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുകയാണ്. ബാബയുടെ സമ്പത്താണ് സ്വർഗ്ഗത്തിന്റെ പ്രാപ്തി, പിന്നീട് അതിലും പദവിയുണ്ട്. സ്വർഗ്ഗത്തിൽ ദേവതകളാണ് വസിക്കുന്നത്. ശരി സ്വർഗ്ഗത്തെ സ്ഥാപിക്കുന്നവരുടെ മഹിമ കേൾക്കൂ.

(ഗീതം) ഭാരതത്തിന്റെ സൗഭാഗ്യവിധാതാവ് ഈ ജഗദംബയാണ്. അവരെ ആർക്കും തന്നെ അറിയുന്നില്ല. അംബാജിയിൽ ധാരാളം പേർ പോകുന്നുണ്ടാവും. ഈ ബാബയും ഒരുപാടു തവണ പോയിട്ടുണ്ട്. ബബുൾനാഥന്റെ ക്ഷേത്രത്തിൽ, ലക്ഷ്മി-നാരായണന്റെ ക്ഷേത്രത്തിൽ അനേകതവണ പോയിട്ടുണ്ട്. പക്ഷേ ഒന്നും തന്നെ അറിഞ്ഞിരുന്നില്ല, എത്ര വിവേകഹീനരായിരുന്നു. ഇപ്പോൾ ഞാൻ ഇവരെ എത്ര വിവേകശാലിയാക്കിമാറ്റി. ജഗദംബയുടെ ടൈറ്റിൽ എത്ര ഉയർന്നതാണ്- ഭാരതത്തിന്റെ സൗഭാഗ്യവിധാതാവ്. ഇനി നിങ്ങൾക്ക് അംബാജിയുടെ ക്ഷേത്രത്തിൽ പോയി സേവനം ചെയ്യണം. ജഗദംബയുടെ 84 ജന്മങ്ങളുടെ കഥയെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ഇങ്ങനെയുള്ള ക്ഷേത്രങ്ങൾ ധാരാളമുണ്ട്. മമ്മയുടെ ഇപ്പോഴത്തെ ചിത്രം കാണിച്ചു കൊടുത്താൽ അംഗീകരിക്കുകയില്ല. ശരി, അംബാജിയുടെ മൂർത്തിയെക്കുറിച്ചു തന്നെ മനസ്സിലാക്കി കൊടുക്കൂ. അതിനോടൊപ്പം ഈ പാട്ടും കൊണ്ടുപോകൂ. സേവനം ധാരാളമുണ്ടല്ലോ. പക്ഷേ സേവനം ചെയ്യുന്ന കുട്ടികളിൽ സത്യത ആവശ്യമാണ്. നിങ്ങൾ ഈ ഗീതത്തിന്റെ അർത്ഥം ജഗദംബയുടെ ക്ഷേത്രത്തിൽ കൊണ്ടുപോയി മനസ്സിലാക്കി കൊടുക്കൂ. ജഗദംബയും കന്യകയാണ് ബ്രാഹ്മണിയാണ്. ജഗദംബയ്ക്ക് എന്തിനാണ് ഇത്രയ്ക്കും ഭുജങ്ങൾ നൽകിയിരിക്കുന്നത്? കാരണം അവരുടെ സഹയോഗികളായ കുട്ടികൾ ധാരാളമുണ്ട്. ശക്തിസൈന്യമല്ലേ. ചിത്രങ്ങളിൽ അവർക്ക് അനേക കൈകൾ കാണിച്ചുകൊടുത്തിട്ടുണ്ട്. ശരീരത്തെ എങ്ങനെയാണ് കാണിക്കുന്നത്? കൈകളുടെ അടയാളം സഹജമാണ്, ശോഭനീയമാണ്. കാലുകളും അത്രയ്ക്കും നൽകുകയാണെങ്കിൽ അറിയില്ല രൂപം തന്നെ എന്തായിത്തീരുമെന്ന്. ബ്രഹ്മാവിനും ധാരാളം കൈകൾ കാണിക്കുന്നുണ്ട്. നിങ്ങൾ എല്ലാവരും അവരുടെ കുട്ടികളാണ് പക്ഷേ ഇത്രയ്ക്കും കൈകൾ കാണിക്കേണ്ടിയിരുന്നില്ല. അപ്പോൾ നിങ്ങൾ കന്യകമാർക്കും അമ്മമാർക്കും സേവനത്തിനായിറങ്ങണം. തന്റെ സൗഭാഗ്യത്തെ ഉണ്ടാക്കൂ. അംബയുടെ ക്ഷേത്രത്തിൽ നിങ്ങൾ ഈ ഗീതത്തെക്കുറിച്ചുള്ള മഹിമ പാടുകയാണെങ്കിൽ ധാരാളം പേർ വരും. നിങ്ങൾക്ക് വളരെ നല്ല പേരെടുക്കാൻ സാധിക്കും, മുതിർന്ന ബ്രഹ്മാകുമാരിമാർ എടുത്തതിനേക്കാളും. ഈ ചെറിയ ചെറിയ കന്യകമാർക്ക് അത്ഭുതം കാണിക്കാൻ സാധിക്കും. ബാബ കേവലം ഒരാളെയല്ല പറയുന്നത് എല്ലാ കന്യകമാരെയും കുറിച്ചാണ്. ആയിരക്കണക്കിനു ആളുകൾ നിങ്ങളുടെ ചരണങ്ങളിൽ വന്ന് വീഴും. നിങ്ങളുടെ ചരണങ്ങളിൽ വന്ന് വീഴുന്ന പോലെ മറ്റുള്ളവരുടെ ചരണങ്ങളിൽ വീഴില്ല. പക്ഷേ ഇതിൽ ലോകമര്യാദയെ ഉപേക്ഷിക്കണം. തീർത്തും നഷ്ടോമോഹയായിത്തീരണം. പറയണം എനിക്ക് വിവാഹം കഴിക്കണ്ട, ഞങ്ങൾ പവിത്രമായിരുന്നുകൊണ്ട് ഭാരതത്തെ സ്വർഗ്ഗമാക്കിമാറ്റാനുള്ള സേവനം ചെയ്യണം. അധർകുമാരിമാർക്ക്(മാതാക്കൾക്ക്) പിന്നെയും കറപറ്റിയിട്ടുണ്ടാവും. കുമാരിമാർ വിവാഹം കഴിക്കുന്നതോടെ കറ പുരളാൻ ആരംഭിക്കുന്നു. മായ പല നിറങ്ങൾ പതിക്കുന്നു. മനുഷ്യൻ ഈ ജന്മത്തിൽ എന്തിൽ നിന്നും എന്തായിത്തീരുന്നു. മമ്മയും ഈ ജന്മത്തിലാണ് മമ്മയായിത്തീർന്നത്. മറ്റുള്ളവർക്ക് അല്പകാലത്തേക്കുള്ള പദവി ലഭിക്കുന്നു. മമ്മയ്ക്ക് 21 ജന്മത്തേക്കുള്ളത് ലഭിക്കുന്നു. നിങ്ങളും നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയുമായിത്തീരുന്നു. സമ്പൂർണ്ണമായും പാസ്സാവുകയാണെങ്കിൽ ദൈവീക ജന്മം ലഭിക്കുന്നു. മറ്റുള്ളവർക്ക് അല്പകാലത്തേക്കുള്ള സുഖമാണ് അതിലും എത്ര ചിന്തകളാണ് ഉണ്ടാവുക. നമ്മൾ ഗുപ്തമാണ്. നമുക്ക് പുറമെ ഷോ കാണിക്കേണ്ട ആവശ്യമില്ല. മറ്റുള്ളവർ ഷോ ചെയ്യും, ഈ പഴയ ലോകം മൃഗതൃഷ്ണയ്ക്കു സമാനമാണ്. ശാസ്ത്രങ്ങളിൽ ദ്രൗപദി പറഞ്ഞിട്ടുണ്ട് - അന്ധന്റെ സന്താനങ്ങളെല്ലാം തന്നെ അന്ധന്മാരെന്ന്. ഇവർ എന്തിനെയാണോ രാജ്യം എന്നു മനസ്സിലാക്കിയിട്ടുള്ളത് അത് ഇപ്പോൾ നശിച്ചുകഴിഞ്ഞു. രക്തപ്പുഴ ഒഴുകും. എപ്പോഴാണോ പാകിസ്താന്റെ വിഭജനം ഉണ്ടായത് അപ്പോൾ ഓരോ വീട്ടിലും എത്ര അടിപിടികളായിരുന്നു നടന്നിരുന്നത്. ഇപ്പോഴാണെങ്കിൽ പുറത്തുപോകുമ്പോൾ വഴിയിൽ വെച്ചു തന്നെ അടിപിടി നടത്തുന്നുണ്ട്. എത്ര രക്തമാണ് ഒഴുകുന്നത്? എന്താ ഇതിനെ സ്വർഗ്ഗ

മെന്നു പറയുമോ?  എന്താ ഇതാണോ പുതിയ ദില്ലി അഥവാ പുതിയ ഭാരതം? പുതിയ ഭാരതം സ്വർഗ്ഗമായിരുന്നു. ഇപ്പോൾ വികാരങ്ങൾ പ്രവേശിച്ചിട്ടുണ്ട്, ഇത് വളരെ വലിയ ശത്രുക്കളാണ്. രാമന്റെയും രാവണന്റെയും ജന്മം ഭാരതത്തിലാണ് കാണിക്കുന്നത്. ശിവജയന്തി വിദേശത്ത് ആഘോഷിക്കുന്നില്ല. ഇവിടെയാണ് ആഘോഷിക്കുന്നത്. രാവണൻ എപ്പോഴാണ് വരുന്നതെന്ന് നിങ്ങൾക്ക് അറിയാം. എപ്പോഴാണോ പകൽ പൂർത്തിയായി രാത്രി വരുന്നത് അപ്പോഴാണ് രാവണൻ വരുന്നത്. ഈ സമയത്തെയാണ് വാമമാർഗ്ഗം എന്നു പറയുന്നത്. വാമമാർഗ്ഗത്തിലേക്കു പോകുന്നതിലൂടെ ദേവതകളുടെ അവസ്ഥ എന്തായിത്തീർന്നു എന്ന് കാണിക്കുന്നുണ്ട്.

കുട്ടികൾക്ക് സേവനം ചെയ്യണം. ആരാണോ സ്വയം ഉണർന്നിരിക്കുന്നത് അവർക്കേ മറ്റുള്ളവരെ ഉണർത്തുവാൻ സാധിക്കൂ. ബാബ ശുഭചിന്തകനാണ്. ഇവർക്ക് മായയുടെ അടി ഏൽക്കരുത് എന്ന് ചിന്തിക്കും. കാരണം അസുഖം പിടിപെട്ടാൽ സേവനം ചെയ്യാൻ സാധിക്കില്ല. ജഗദംബയ്ക്കാണ് ജ്ഞാനകലശം ലഭിക്കുന്നത്, ലക്ഷ്മിയ്ക്കല്ല. ലക്ഷ്മിക്ക് ധനത്തെ നൽകിയിട്ടുണ്ട് ഇതിലൂടെ ദാനം ചെയ്യാൻ സാധിക്കുന്നു. പക്ഷേ സത്യയുഗത്തിൽ ദാനം ഉണ്ടാകുന്നില്ലല്ലോ. ദാനം ചെയ്യുന്നത് എപ്പോഴും പാവപ്പെട്ടവർക്കാണ്. അപ്പോൾ കന്യകമാർ ഇതുപോലെ ക്ഷേത്രങ്ങളിലെല്ലാം പോയി സേവനം ചെയ്യുകയാണെങ്കിൽ ധാരാളം പേർ വരും. സബാഷ് നൽകും, ചരണങ്ങളിൽ വീഴും. മാതാക്കൾക്കും ബഹുമാനമുണ്ട്. മാതാക്കൾ കേൾക്കുന്നതിലൂടെ അവരുടെ മുഖം വിടരുന്നു. പുരുഷന്മാർക്ക് തന്റേതായ ലഹരിയുണ്ടാവുമല്ലോ.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ സാകാരി ബ്രഹ്മാവ് ബഹിർയാമിയാണ്. ഇവരുടെ ഉള്ളിലിരിക്കുന്ന ഈശ്വരൻ ഉയർന്നതിലും ഉയർന്ന ഈശ്വരനാണ്. കൃഷ്ണനെ ലോർഡ് കൃഷ്ണൻ എന്നു പറയാറുണ്ട്. നമ്മൾ പറയുന്നു കൃഷ്ണന്റെയും ഈശ്വരനാണ് ആ പരമാത്മാവ്. ആ ഈശ്വരന് ഈ ശരീരമാകുന്ന വീട് നൽകിയിരിക്കുകയാണ്. അപ്പോൾ ഇവർ ഉടമസ്ഥനും ഉടമസ്ഥയുമാണ്. ഇവർ സ്ത്രീയും പുരുഷനുമാണല്ലോ. അത്ഭുതമല്ലേ.

ഭോഗ് വെച്ചുകൊണ്ടിരിക്കുന്നു. ശരി ബാബയ്ക്ക് എല്ലാവരുടെയും സ്നേഹസ്മരണ നൽകണം. വലിയ ഉസ്താദിന് സന്തോഷത്തോടെയാണ് സലാം കൊടുക്കുന്നത്. ഇത് ഒരു ആചാര രീതിയാണ്. എങ്ങനെയാണോ ആരംഭത്തിൽ സാക്ഷാത്കാരമുണ്ടായത് അതേപോലെ അന്തിമത്തിലും ബാബ ധാരാളം രസിപ്പിക്കും. ആബുവിൽ ധാരാളം കുട്ടികൾ വരും. ആര് ഉണ്ടാകുമോ അവർ എല്ലാം കാണും. ശരി.
മധുരമധുരമായ വളരെക്കാലങ്ങൾക്കു ശേഷം തിരിച്ചു കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം

**രാത്രി ക്ലാസ്സ് – 08–04–1968**

ഇത് ഈശ്വരീയ ദൗത്യമാണ് നടന്നുകൊണ്ടിരിക്കുന്നത്. ആരാണോ ദേവിദേവതാധർമ്മത്തിലേത് അവർ മാത്രമാണ് വരുന്നത്. എങ്ങനെയാണോ അവർ തന്റെ മിഷനറിയിലൂടെ ക്രിസ്ത്യാനികളാക്കി മാറ്റുന്നത്. ആരാണോ ക്രിസ്ത്യാനികളാകുന്നത് അവർക്ക് ക്രിസ്ത്യൻ ധർമ്മത്തിൽ സുഖം ലഭിക്കുന്നു. നല്ല പ്രതിഫലം ലഭിക്കുന്നു അതുകൊണ്ട് ധാരാളം പേർ ക്രിസ്ത്യാനികളായിത്തീരുന്നു. ഭാരതവാസികൾക്ക് ഇത്രയ്ക്കും പ്രതിഫലം നൽകാൻ സാധിക്കില്ല. ഇവിടെ ധാരാളം അഴിമതിയുണ്ട്. ഇടയ്ക്ക് കൈക്കൂലി വാങ്ങിച്ചില്ലെങ്കിൽ ജോലിയിൽ നിന്നും പിരിച്ചുവിടും. അപ്പോൾ കുട്ടികൾ ബാബയോട് ചോദിക്കും ബാബാ ഈ അവസ്ഥയിൽ എന്തു ചെയ്യുമെന്ന്? പറയുന്നു യുക്തിപൂർവ്വം പെരുമാറൂ, പിന്നീട് അതിനെ ശുഭമായ കാര്യത്തിൽ ഉപയോഗിക്കൂ.

ഇവിടെ എല്ലാവരും ബാബയെ വിളിക്കുന്നു വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ, മുക്തമാക്കൂ, വീട്ടിലേക്ക് കൊണ്ടുപോകൂ. അച്ഛൻ തീർച്ചയായും വീട്ടിലേക്ക് കൊണ്ടുപോകുമല്ലോ. വീട്ടിലേക്ക് പോകുന്നതിനുവേണ്ടി തന്നെയാണ് ഇത്രയ്ക്കും ഭക്തിയെല്ലാം ചെയ്യുന്നതും. പക്ഷേ അച്ഛൻ വന്നാൽ മാത്രമേ കൊണ്ടുപോകൂ. ഭഗവാൻ ഒന്നു മാത്രമാണ്. അല്ലാതെ എല്ലാവരിലും ഭഗവാൻ വന്ന് സംസാരിക്കുന്നില്ല. അവർ വരുന്നതു തന്നെ സംഗമത്തിലാണ്. ഇപ്പോൾ നിങ്ങൾക്ക് ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ അംഗീകരിക്കേണ്ട, ആദ്യം അംഗീകരിച്ചിരുന്നു. ഇപ്പോൾ നിങ്ങൾ ഭക്തി ചെയ്യുന്നില്ല. നിങ്ങൾ പറയുന്നു ആദ്യം ഞങ്ങൾ പൂജ ചെയ്യുമായിരുന്നു. ഇപ്പോൾ ബാബ വന്നിരിക്കുന്നു നമ്മളെ പൂജ്യ ദേവതയാക്കി മാറ്റാൻ. സിക്കുകാർക്കും നിങ്ങൾ മനസ്സിലാക്കി കൊടുക്കണം. ഇങ്ങനെയൊരു മഹിമയില്ലേ മനുഷ്യനിൽ

നിന്നും ദേവത..... ദേവതകളുടെ മഹിമയാണല്ലോ. ദേവതകൾ സത്യയുഗത്തിലാണ് വസിക്കുന്നത്. ഇപ്പോൾ കലിയുഗമാണ്. ബാബയും ഈ സംഗമയുഗത്തിൽ പുരുഷോത്തമനായിത്തീരാനുള്ള പഠിപ്പാണ് നൽകുന്നത്. ദേവതകളാണ് എല്ലാവരിലും വെച്ച് ഉത്തമം അതുകൊണ്ടാണ് ഇത്രയ്ക്കും പൂജ ലഭിക്കുന്നത്. ആരുടെ പൂജയാണോ ചെയ്യുന്നത് അവർ തീർച്ചയായും എപ്പോഴോ ഉണ്ടായിരുന്നു പക്ഷേ ഇപ്പോഴില്ല. മനസ്സിലാക്കുന്നു ഈ രാജധാനി കാലഹരണപ്പെട്ടുപോയെന്ന്. ഇപ്പോൾ നിങ്ങൾ ഗുപ്തമാണ്. ആർക്കും തന്നെ അറിയുന്നില്ല നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറാൻ പോകുന്നു എന്ന്. നിങ്ങൾക്ക് അറിയാം നമ്മൾ പഠിച്ച് ഇതായിത്തീരുന്നു എന്ന്. അപ്പോൾ പഠിപ്പിനുമേൽ പൂർണ്ണ ശ്രദ്ധ നൽകണം. ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു എങ്കിൽ എന്തുകൊണ്ട് ഓർമ്മിച്ചുകൂടാ. പിന്നെ ദൈവീക ഗുണങ്ങളും ആവശ്യമാണ്. ശരി, ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെയും ദാദയുടെയും സ്നേഹസ്മരണയും ഗുഡ്നൈറ്റും നമസ്കാരവും.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ ലോകത്തിൽ തന്റെ പുറമെയുള്ള ഷോ ചെയ്യരുത്. സമ്പൂർണ്ണമായും പാസ്സാകുന്നതിനുവേണ്ടി ഗുപ്ത പുരുഷാർത്ഥം ചെയ്യണം.

2. ഈ വർണ്ണാഭമായ ലോകത്തിൽ ഒരിക്കലും കുടുങ്ങരുത്. നഷ്ടോമോഹയായിത്തീർന്ന് ബാബയുടെ പേരിനെ പ്രശസ്തമാക്കാനുള്ള സേവനം ചെയ്യണം. എല്ലാവരുടെയും സൗഭാഗ്യത്തെ ഉണർത്തണം.

### വരദാനം - ഹൃദയേശ്വരനായ ബാബയുടെ ഓർമ്മയിലൂടെ മൂന്നു കാലങ്ങളെയും നല്ലതാക്കി മാറ്റുന്ന ഇച്ഛാ മുക്തരായി ഭവിയ്ക്കട്ടെ.

ഏതു കുട്ടികളുടെ ഹൃദയത്തിലാണോ ഹൃദയേശ്വരനായ ബാബയുടെ സ്മൃതിയുള്ളത് അവർ സദാ ആഹാ ആഹാ എന്ന ഗീതം പാടിക്കൊണ്ടിരിക്കും. അവരുടെ മനസ്സിൽ സ്വപ്നത്തിൽ പോലും അയ്യോ എന്ന വാക്ക് വീഴില്ല. എന്തുകൊണ്ടെന്നാൽ എന്താണോ സംഭവിച്ചത് അതും നല്ലതിനാണ്, എന്താണോ സംഭവിച്ചു കൊണ്ടിരിക്കുന്നത്, അത് നല്ലതാണ്, സംഭവിക്കാൻ പോകുന്നതും നല്ലതിനാണ്. മൂന്നു കാലങ്ങളും നല്ലതാണ്. എവിടെയാണോ സർവ്വതും നല്ലത്. അവിടെ ഇച്ഛകളൊന്നും തന്നെ ഉത്പന്നമാകില്ല. സർവ്വ പ്രാപ്തികളും ഉണ്ടാകുമ്പോഴാണല്ലോ നല്ലതെന്ന് പറയുന്നത്. പ്രാപ്തി സമ്പന്നരായി മാറുകയാണ് ഇച്ഛാ മുക്തരാകുക.

### സ്ലോഗൻ - ആവേശത്തിന്റെയും ദേഷ്യത്തിന്റെയും സംസ്കാരം എമർജ്ജാകാത്ത വിധത്തിൽ സംസ്കാരത്തെ ശീതളമാക്കൂ.